# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 302** **13.07.2015-ൽ മറുപടിക്ക്**

## കരിപ്പൂർ വിമാനത്താവളത്തിലെ വെടിവയ്പ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. പി.ടി.എ. റഹിം | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ വെടിവയ്പ്പും സംഘർഷവും അനുബന്ധ സംഭവങ്ങളും സംബന്ധിച്ച പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ വെടിവയ്പ്പും സംഘർഷവും അനുബന്ധ സംഭവങ്ങളും സംബന്ധിച്ച് കരിപ്പൂർ പോലീസ് സ്റ്റേഷനിൽ 4 കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജിതമായ അന്വേഷണം നടത്തിവരുന്നു. |
| (ബി) വിമാനത്താവളത്തിന്റെയും യാത്രക്കാരുടെയും സുരക്ഷയ്ക്കായി നിലകൊള്ളേണ്ടവർ തമ്മിലുണ്ടായ സംഘർഷത്തിന്റെ കാരണങ്ങൾ എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) 10.06.2015 തീയതി രാത്രി ഏതാണ്ട് 09.38 മണിയോടെ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഡ്യൂട്ടി ചെയ്തിരുന്ന എയർപോർട്ട് അഗ്നിശമന സേനയിലെ ഫയർ സൂപ്പർവൈസർ ശ്രീ. അജികുമാർ എന്ന ഉദ്യോഗസ്ഥൻ ഡ്യൂട്ടിക്കിടയിൽ വിമാനത്താവളത്തിൽ നിന്നും പുറത്തുപോയി തിരിച്ച് പ്രവേശിക്കുന്ന സമയത്ത് എ.ടി.സി. ഗേറ്റിനു സമീപത്തുവച്ച് സുരക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്ന സി.ഐ.എസ്.എഫ് സബ് ഇൻസ്പെക്ടർ ശ്രീ. സീതാറാം ചൗധരി എന്നയാൾ ടിയാനെ സുരക്ഷാ പരിശോധനയുടെ ഭാഗമായി മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധിക്കുന്നതിനിടയിൽ മെറ്റൽ ഡിറ്റക്ടർ ദേഹത്ത് തട്ടി എന്ന് ആരോപിച്ചുകൊണ്ട് വാക്കുതർക്കമുണ്ടാകുകയും ഇത് സി.ഐ.എസ്.എഫ് ഭടന്മാരും എയർപോർട്ട് അഗ്നിശമന സേന ഉദ്യോഗസ്ഥരും തമ്മിലുണ്ടായ സംഘർഷത്തിനിടയാക്കുകയും ചെയ്തു. |
| (സി) കേന്ദ്രവ്യവസായ സംരക്ഷണ സേനയും എയർപോർട്ട് ജീവനക്കാരും അഗ്നിശമന സേനയും തമ്മിൽ മാസങ്ങളായി നിലനിന്നിരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിന് ഇന്റലിജൻസ് വിഭാഗം നേരത്തെ തന്നെ റിപ്പോർട്ടു നൽകിയിട്ടുണ്ടായിരുന്നോ; ഇതേത്തുടർന്ന് പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അവഗണിക്കാൻ കാരണമെന്തായിരുന്നു; | (സി) ഇത് സംബന്ധിച്ച് ഇന്റലിജൻസ് വിഭാഗം സർക്കാരിന് റിപ്പോർട്ട് ഒന്നുംതന്നെ നൽകിയിട്ടുണ്ടായിരുന്നില്ല. വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിന് കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സംരക്ഷണ സേനക്കുമാണ്. ഈ ഏജൻസികൾ തമ്മിൽ എന്തെങ്കിലും ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതും പരിഹാരം കണ്ടെത്തുന്നതും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തന്നെയാണ്. |

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിളിച്ച ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ?

(ഡി) ഈ സംഭവത്തെ തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വിമാനയാത്രികരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി 16.06.2015-ൽ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലെയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1) എയർപോർട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളായ എയർപോർട്ട് അതോറിറ്റി, സി.ഐ.എസ്.എഫ്, കസ്റ്റംസ് & സെൻട്രൽ എക്സൈസ് എന്നിവർക്കിടയിൽ മെച്ചപ്പെട്ട ഏകോപന സംവിധാനം ഉണ്ടാകണം. ജില്ലാ ഭരണകൂടത്തിനേയും ജില്ലാ പോലീസ് മേധാവിയേയും കൂടി ഉൾപ്പെടുത്തി ഈ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) എല്ലാ വിഭാഗങ്ങളുടേയും പരാതി പരിഹരിക്കുന്നതിലേക്കായി എയർപോർട്ടിലെ വിവിധ ഏജൻസികളുടെ ഏകോപനയോഗങ്ങൾ എല്ലാമാസവും കൃത്യമായി ചേരണം.

3) ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിലേയ്ക്ക് എയർപോർട്ടിനുള്ളിൽ പോലീസ് സ്റ്റേഷൻ/ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു.

4) എയർപോർട്ടിലെ വിവിധ ഏജൻസികളിലെ ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ ഏകോപനസമിതി മുൻപാകെ കൊണ്ടുവന്ന് പരിഹാരം കാണുന്നതിലേക്കായി വിമാനത്താവളങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കണം.

സെക്ഷൻ ഓഫീസർ